# ഉമ്മുസൽമ കാത്തിരിക്കുന്നു

**എം. പി. ബഷീർ**

15 പൈസ മാത്രം വിലയുണ്ടായിരുന്ന ഒരു പോസ്റ്റ് കാർഡിലെ, തെളിയാത്ത അക്ഷരത്തെറ്റുകൾ നിറഞ്ഞ വരികളിലൂടെയാണ് പൊന്നാനി പുതിയതെരുവിൽ പുൽപ്പറമ്പിൽ ഖദീജയുടെ വിവാഹം വേർപ്പെട്ടത്. എറണാകുളം ചെങ്ങമനാട്ടെ ത്വാഹാ മൻസിലിൽ അബ്ദുൽ ഖാദറിന്റെ മകൻ അബൂബക്കർ ഖത്തറിൽ നിന്ന് കൊടുത്തയച്ച ത്വലാഖ് കുറിയുടെ മുമ്പിൽ മലബാറിലെ മറ്റേതൊരു മുസ്ലീം സ്ത്രീയേയും പോലെ ഖദീജയും നിസ്സഹായയാണ്. തെക്കു നിന്നു നാടു വിട്ടു വന്ന അബൂബക്കറിന് നാട്ടിൽ ഭാര്യയും രണ്ടു കുട്ടികളുമുണ്ടെന്നറിഞ്ഞിട്ടും, ഖദീജയെ രണ്ടാം ഭാര്യയായി വിവാഹം ചെയ്തു കൊടുത്തത്, ഖദീജയുടെ കുടുംബത്തിന്റെ ദൈന്യം. സ്ത്രീധനമായി കൊടുത്ത ആഭരണങ്ങൾ വിറ്റാണ് ഒമ്പത് മാസം മുമ്പ് അബൂബക്കർ ഖത്തറിൽ പോയത്. ഭർത്താവിന്റെ പെട്ടിയിലെവിടെയോ ഉണ്ടായിരുന്ന എതാനും പതിനഞ്ചു പൈസാ പോസ്റ്റ് കാർഡുകളിലൊന്നാണ് ഇപ്പോൾ ത്വലാഖിന്റെ രേഖയായി ഖദീജക്ക് കിട്ടിയത്. ഖദീജയുടെ 'ദുർനടപ്പിനെ'ക്കുറിച്ച് നാട്ടിലെ എതോ അജ്ഞാതൻ അയച്ച കത്തിനു പ്രതികരണമായി അബൂബക്കർ ഖദീജയെ മൊഴി ചൊല്ലി. കൊല്ലത്തെവിടെയോ ഉള്ള സുഹൃത്തിന്റെ പക്കൽ പോസ്റ്റ് കാർഡ് കൊല്ലത്തു നിന്ന് തപാൽ വഴി പൊന്നാനിയിലെത്തിയപ്പോൾ ഖദീജയുടെ ത്വലാഖ് നിയമപരമായി പ്രാബല്യത്തിൽ വന്നു. കാർഡ് കൈപറ്റിയ മഹല്ല് ഭാരവാഹികൾക്കോ, ഖദീജയുടെ രക്ഷകർത്താക്കൾക്കൊ, ഖദീജക്കു തന്നെയോ അതിൽ യാതൊരു സംശയവും തോന്നിയില്ല. ഒരു തർക്കവും തോന്നിയില്ല. 19-ാമത്തെ വയസിൽ, മലപ്പുറത്തെ 'തന്റേതല്ലാത്ത കാരണത്താൽ'മൊഴി ചൊല്ലപ്പെടുന്ന അസംഖ്യം പേരുടെ പട്ടികയിൽ ഖദീജയും സ്ഥാനം നേടി. പോസ്റ്റ്കാർഡിലൂടെയും ഇല്ലന്റുകളിലൂടെയും നിസ്സാരമായി വിവാഹമോചനം ചെയ്യപ്പെടുന്നതിലെ നിയമരാഹിത്യം പോലും ചർച്ച ചെയ്യപ്പെടുന്നില്ല. എണ്ണമറ്റ നിയമ നിർമാണങ്ങൾക്ക് ശേഷവും മൊഴി ചൊല്ലപ്പെടുന്ന മുസ്ലീം സ്ത്രീയുടെ നിസ്സഹായത പഴയപടി തുടരുന്നു. മലപ്പുറത്തും ഇതര മുസ്ലീം ഭൂരിപക്ഷ മേഖലകളിലും ബഹുഭാര്യത്വത്തിന്റെയും ത്വലാഖിന്റെയും തോത് കുറയുകയാണെങ്കിലും, ഇത് നിയമപരമായി തടയിടാനുള്ള പരിരക്ഷ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. മലപ്പുറത്തെ ദരിദ്ര മുസ്ലീം കുടുംബങ്ങളിൽ അരങ്ങേറുന്ന വിവാഹ തട്ടിപ്പു കേസുകളുടെ യഥാർത്ഥ കാരണവും ഈ നിയമമില്ലായ്മയാണ്.



*വിവാഹത്തട്ടിപ്പിന് ഇരയായ കുടുംബങ്ങളിലൊന്ന്*

ഖദീജയെ ത്വലാഖ് ചൊല്ലാൻ അബൂബക്കർ ഒരു കാരണമെങ്കിലും പറഞ്ഞു. മലപ്പുറത്തെ വിവാഹ കമ്പോളത്തിൽ തട്ടിപ്പു നടത്താൻ തെക്കു നിന്നെത്തുന്നവർ പ്രത്യേകിച്ച് കാരണമൊന്നും പറയാതെയാണ് ഭാര്യമാരെ ഉപേക്ഷിച്ചു പോകുന്നത്. ഒന്നും രണ്ടും കെട്ടിയവർ എന്ന അനുമാനത്തിൽ തന്നെയാണ് മലപ്പുറത്തെ പെൺകുട്ടികളെ ഇവർക്ക് കെട്ടിച്ചു കൊടുക്കുന്നത്. രക്ഷിതാക്കളിൽ പലരും ഇവിടെ മതപരമായ ഒരു കടമ നിറവേറ്റുകയാണ്. "ഹലാലായ" മാർഗ്ഗത്തിൽ (മതത്തിന്റെയും സമൂഹത്തിന്റെയും അംഗീകാരത്തോടെ) മോൾക്കൊരു ആണിനെ കിട്ടുക മാത്രമായിരുന്നു ലക്ഷ്യം. പ്രായമായ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുക എന്ന മതപരമായ കടമ നിറവേറ്റാൻ ഇവർ വിട്ടു വീഴ്ക്ക് ത

(ശേഷം മൂന്നാം പേജിൽ)

# ഉമ്മുസൽമ കാത്തിരിക്കുന്നു

(ഒന്നാം പേജ് തുടർച്ച)

യ്യാറാവുന്നു.ഇത്തരം വിവാഹങ്ങളിൽ വരന്റെ കുടുംബത്തേയോ നാട്ടിലെ ഇടപാടുകളെയോ അന്വേഷണ വിധേയമാക്കാറില്ല.

കൊണ്ടോട്ടിക്കടുത്ത പുളിക്കൽ സ്വദേശി കുഞ്ഞറമുവിന്റെ മകൾ സുലൈഖയെ ആലപ്പുഴയിൽ നിന്നെത്തിയ ഹക്കീംഷാ നിക്കാഹ് ചെയ്തത് അങ്ങനെയാണ്.തദ്ദേശീയനായ ആദ്യ ഭർത്താവ് മൊഴിചൊല്ലിയതിനെ തുടർന്നാണ് ഹക്കീം ഷായുമായി വിവാഹമുറപ്പിച്ചത്. 10 പവനും15,000രൂപയും സ്ത്രീധനവും നൽകി.വിവാഹം കഴിഞ്ഞ് നാലാം നാൾ എട്ടു പവൻ സ്വർണം ഭർത്താവ് വിറ്റു.28||-ാം ദിവസം ഉറക്കത്തിനിടയിൽ കഴുത്തിലെ അവശേഷിക്കുന്ന രണ്ടു പവൻ മാലയുമൂരി സ്ഥലം വിട്ടതാണ്.മൂന്നു വർഷത്തെ കാത്തിരിപ്പിന് ശേഷം കഴിഞ്ഞ മാർച്ചിൽ സുലൈഖ ഹക്കീം ഷായെ മൊഴി ചൊല്ലി.വിവാഹം ചെയ്ത് ആഭരണങ്ങളും പണവുമായി വരൻമാർ മുങ്ങിയ 2300 കേസുകളാണ് മലപ്പുറം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്.ഒരു നിത്യ സംഭവം പോലെ കാണുന്നതു കൊണ്ട് പൊലീസ് ഇതിനെ ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നു.

ഇതര ജില്ലകളിൽ നിന്നെത്തി ആൾമാറാട്ടം നടത്തി നിർധനരായ പെൺകുട്ടികളെ വിവാഹം ചെയ്യുകയും പിന്നീട് ഉപേക്ഷിച്ച് പോകുകയും ചെയ്യുന്ന കേസുകൾ ഈയിടെയായി കൂടി വരികയാണ്.വടക്കൻ ഗ്രാമങ്ങളായ എടക്കര, ചുങ്കത്തറ,പൂക്കോട്ടുംപാടം തുടങ്ങിയ മലയോര മേഖലകളിലാണ് ഇതു കൂടുതൽ നടക്കുന്നത്.

വിവാഹം ചെയ്യാൻ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവരുമുണ്ട്.പൊന്നാനി മഊനത്തുൽ ഇസ്ലാം സഭയിലാണ് പ്രധാനമായും മതപരിവർത്തന കർമം നടക്കുന്നത്. പുതുതായി ദീനിൽ ചേർന്നവരോട് മുസ്ലീം സമുദായം പൊതുവേ പുലർത്തുന്ന അനുകമ്പയും ഉദാരമനസ്കതയും ഇവർ മുതലെടുക്കുന്നു.

ഉപേക്ഷിച്ചു പോകുന്ന ഭർത്താക്കൻമാർ ഔപചാരികമായി ത്വലാഖ് പോലും ചൊല്ലാതെ കടന്നുകളയുന്നുവെന്നതാണ്,ഇത്തരം തട്ടിപ്പിന് ഇരയാകുന്ന സ്ത്രീകൾ നേരിടുന്ന പ്രതിസന്ധി. ഉപേക്ഷിച്ചു പോയ ഭർത്താവിൽ നിന്ന് വിവാഹമോചനം നേടാൻ ഈ സ്ത്രീകൾ പിന്നെയും മൂന്നു വർഷം കാത്തിരിക്കേണ്ടി വരുന്നു.

ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും സംരക്ഷണമോ വിവരമോ ഇല്ലാതിരിക്കുകയും,സംരക്ഷണം ഏറ്റെടുക്കില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ വിവാഹിതയായ മുസ്ലീം സ്ത്രീക്ക് ഭർത്താവിനെ ഫസ്ഖ് ചൊല്ലാമെന്നാണ് നിലവിലുള്ള മുസ്ലീം വിവാഹ നിയമം.ഇങ്ങനെ ഫസ്ഖ് ചെയ്യപ്പെട്ടാൽ മാത്രമേ ഭർത്താവ് ഉപേക്ഷിക്കുന്ന മുസ്ലീം സ്ത്രീക്ക് പുനർവിവാഹം അനുവദിച്ചിട്ടുള്ളൂ.ഫസ്ഖിന്റെ മുന്നോടിയായി ആ വിവരം പത്രങ്ങളിൽ പരസ്യപ്പെടുത്തുന്ന പതിവുണ്ട്.പത്രപ്പരസ്യം വന്ന് പതിനഞ്ചു ദിവസത്തിനകം ഭർത്താവ് തിരിച്ചെത്തിയാൽ ഭാര്യ അയാളെ സ്വീകരിക്കണമെന്നാണ് വ്യവസ്ഥ.ഒരു ലൈംഗിക വേഴ്ചക്ക് ശേഷം തിരിച്ചു പോയാൽ മറ്റൊരു പരസ്യം കൊടുക്കാൻ ഈ സ്ത്രീ മൂന്നു വർഷം വീണ്ടും കാത്തിരിക്കണം.മതനിയമത്തിലെ ഈ അനീതി ഇല്ലാതാക്കാൻ പോലും മത നേതൃത്വം ശ്രമിക്കുന്നില്ല.

തിരൂരിലെ ഉമ്മു സൽമ ഇതു പോലെ കാത്തിരിക്കുകയാണ്.മൂന്നു വിവാഹങ്ങളിൽ നിന്നായി ഇരട്ടക്കുട്ടികളടക്കം ഉമ്മു സൽമക്ക് നാലുകുട്ടികളുണ്ടായി.മൂന്നു ഭർത്താക്കൻമാരും പ്രസവത്തിനു തൊട്ടു മുമ്പോ ശേഷമോ ഉപേക്ഷിച്ചു പോയി.മൂന്നാമത്തെ ഭർത്താവ് കായംകുളം സ്വദേശി ഷഫീഖ് ഒന്നര വർഷം മുമ്പാണ് നാടുവിട്ടത്.മതപ്രകാരം ഫസ്ഖ് ചെയ്യാൻ ഉമ്മു സൽമ ഇനി ഒന്നര വർഷം കാത്തിരിക്കണം.ഉമ്മു സൽമ കാത്തിരിക്കുകയാണ്.

(നാഷണൽ ഫൗണ്ടേഷൻ ഫോർ ഇന്ത്യയുടെ ദേശീയ മീഡിയ ഫെല്ലോഷിപ്പിന്റെ ഭാഗമായി നടത്തിയ പഠന പമ്പരയിൽ നിന്ന്)